## 10. സ്വയം വഷളാകരുത്

നാം ആരെപ്പറ്റിയും കുറ്റം പറയരുത്.
അത് നമ്മെ തന്നെ വഷളാക്കും.

നീലിയും പീലിയും കൂട്ടുകാരാണ്. അവർ ദിവസവും ഒരുമിച്ചാണ് സ്കൂൾ പോകുന്നത്. പഠനത്തിലും സ്വഭാവത്തിലുമൊക്കെ അവർ രണ്ടുപേരും മിടുക്കികളാണ്. അധ്യാപകർക്കും കുട്ടികൾക്കും അവരെ ഏറെ ഇഷ്ടമായിരുന്നു.

എന്നാൽ നല്ലവരോട് അസൂയ ഉള്ളവരും കാണുമല്ലോ. അവർക്കുമുണ്ടായിരുന്നു അസൂയക്കാർ. രണ്ടുപേരെയും പരസ്പരം അകറ്റുകയായിരുന്നു അവരുടെ ശ്രമം.



പതിവു പോലെ നീലി സ്കൂൾബാഗുമായി പീലി വരുന്നതും കാത്ത് ഗേറ്റിനടുത്ത് നിന്നു. ആ സമയത്ത് പീലിയുടെ സഹപാഠി ജിമ്മി അതുവഴി വന്നു. നീലിയെ കണ്ട ഉടനെ അവൾ പറഞ്ഞു:

"ഇന്ന് എൻെറ കൂടെ വാ നീലി. പീലി പോയിട്ടുണ്ട്."

"ഇല്ല. അവൾ പോയിട്ടില്ല. ഇപ്പോൾ വരും. നില്ക്ക് നമുക്ക് ഒരുമിച്ചുപോകാം." നീലി ജിമ്മിയോട് പറഞ്ഞു. അവൾ അത് കേൾക്കാത്ത ഭാവത്തിൽ വേഗം മുന്നോട്ട് നടന്നു.

പീലി വന്നു. നീലിയും പീലിയും പല വിഷയങ്ങളും സംസാരിച്ചു നടന്നുതുടങ്ങി.

അകലെനിന്ന് ജിമ്മി രണ്ടുപേരെയും കണ്ടു. അവൾ പീലിയെ വിളിച്ച് കൈകൊണ്ട് എന്തോ ആംഗ്യം കാണിച്ചിട്ട് പറഞ്ഞു: "പറയരുത് കൊട്ടോ." ഇത്രയും പറഞ്ഞ് അവൾ മുന്നോട്ട് നടന്നു.

"എന്താ പീലീ, അവൾ പറഞ്ഞത്?"

"ഓ. അറിയില്ല നീലി. അവളെന്തോ കാണിച്ചു. എനിക്കൊന്നും മനസ്സിലായില്ല." പീലി പറഞ്ഞു.

"അതല്ല, എന്തോ രഹസ്യം ഉണ്ടല്ലോ. പിന്നെന്താ പറയേണ്ട എന്നൊക്കെ പറഞ്ഞത്? പറയ്, എന്താ സംഗതി?" നീലി നിർബന്ധിച്ചു.

"നമുക്കിടയിൽ ഒരു രഹസ്യവും ഇല്ല എൻെറ കുട്ടീ. എനിക്ക് അറിയുന്ന കാര്യം നിന്നിൽനിന്ന് ഞാൻ ഒളിപ്പിച്ചുവെക്കുകയില്ല. അവൾ എന്താ ചെയ്തതെന്ന് എനിക്കറിയില്ല. നമുക്ക് അവളോട് തന്നെ ചോദിക്കാം. എങ്കിലല്ലേ സംശയം നീങ്ങുകയുള്ളൂ."

"ഇനിയിപ്പോ ചോദിച്ചാൽ അവൾ സത്യം പറയുകയില്ല. നിങ്ങൾ രണ്ടിൽ ഒരാൾ കള്ളം പറയുകയാണ്, തീർച്ച." നീലി പറഞ്ഞു.

"അപ്പോൾ എന്നെ നിനക്ക് വിശ്വാസമില്ലാതായോ?"

"വിശ്വാസമുണ്ട്. പക്ഷേ, ഇക്കാര്യത്തിൽ....

"വിശ്വാസമില്ല. അല്ലേ? എൻെറ കൂട്ടുകാരീ, ഈ വിഷയത്തിൽ ഞാനും നീയും തുല്യരാണ്. പിന്നെ എന്തിനാ ഇങ്ങനെ?"

"അല്ല, നീ എന്നിൽനിന്ന് എന്തോ ഒളിച്ചുവെക്കുന്നുണ്ട്? ഞാൻ മോശമാണെങ്കിൽ ഇനി നിൻെറ കൂടെ വര്ണില്ല."

നീലി പിറകോട്ട് മാറിനിന്നു. പീലിക്ക് ആകെ പ്രയാസമായി. തൻെറ കൂട്ടുകാരി തന്നെ സംശയിച്ചതിൽ പീലിക്ക് സങ്കടം വന്നു. അവൾക്ക് സംസാരിക്കാൻ സാധിച്ചില്ല. അതുകണ്ട് നീലി പറഞ്ഞു: "കണ്ടോ, എന്തോ രഹസ്യം ഉള്ളതുകൊണ്ടാണല്ലോ മിണ്ടാത്തത്?"

"നീലി......

പീലി വിങ്ങിപ്പൊട്ടി. അത് കാണാത്തതു പോലെ നീലി അവളെ വിട്ട്പെട്ടെന്ന് നടന്നുനീങ്ങി. അതോടെ പീലി കരച്ചിൽ തുടങ്ങി.

പീലി അല്പം നേരം വൈകിയാണ് അന്ന് ക്ലാസിലെത്തിയത്.


“കയറി വരൂ. നീ ഇപ്പോൾ വഴിയിൽ കളിച്ചുനില്ക്കാനും തുടങ്ങിയോ? ആരാ കൂട്ടിന്? കൂട്ടുകാരികളൊക്കെ വേണം. പക്ഷേ, അത് വേണ്ടാത്തരത്തിനാകരുത്. ശരി. കയറി ഇരിക്ക്.” ക്ലാസ് ടീച്ചർ പറഞ്ഞു.

പീലിക്ക് ഷോക്കേറ്റതു പോലെയായി. തന്നെപ്പറ്റി ആരോ എന്തോ പറഞ്ഞുകൊടുത്തിട്ടാണ് ടീച്ചർ അങ്ങനെ സംസാരിച്ചതെന്ന് പീലിക്ക് മനസ്സിലായി. സങ്കടത്തോടെ അവൾ ക്ലാസിൽ ചെന്നിരുന്നു.

നീലി ക്ലാസിൽ വിഷമിച്ചിരിക്കുകയായിരുന്നു. അവളുടെ തലക്കകം നിറയെ പീലി തന്നിൽനിന്നും മറച്ചുവെച്ച രഹസ്യമെന്താണെന്ന ചിന്തയായിരുന്നു.

പീലിക്കും ക്ലാസിൽ ശ്രദ്ധിക്കാൻ സാധിച്ചില്ല. നീലി തന്നെ സംശയിച്ചതും ആരോ തന്നെപ്പറ്റി ടീച്ചറോട് ഇല്ലാത്തത് പറഞ്ഞതും അവളെ വല്ലാതെ വിഷമിപ്പിച്ചിരുന്നു.

പെട്ടെന്നാണ് പീലിയുടെ നേരെ ടീച്ചറുടെ ചോദ്യമുണ്ടായത്. അവൾ അത് കേട്ടിരുന്നില്ല. “പീലീ” എന്ന് ടീച്ചർ ഉറക്കെ വിളിച്ചതു കേട്ടാണ് അവൾക്ക് പരിസരബോധമുണ്ടായത്. അവൾ നിന്നു പരുങ്ങി. കുട്ടികൾ പലരും ചിരിക്കുന്നു. അവൾക്ക് കരച്ചിൽ വന്നു.



ടീച്ചർ പുസ്തകം മേശപ്പുറത്ത് വെച്ച് അവളുടെ അടുത്തു വന്നു ചോദിച്ചു:

“നിനക്ക് എന്തുപറ്റി കുട്ടീ? ക്ലാസിൽ മിടുക്കിയാണല്ലോ നീ. ഇന്നെന്തു പറ്റി?” ടീച്ചറുടെ ചോദ്യം കേട്ട് അവൾക്ക് കരച്ചിലടക്കാൻ കഴിഞ്ഞില്ല.

എന്തോ തകരാറുള്ളതായി ടീച്ചർക്ക് മനസ്സിലായി. അവരുടെ ആവർത്തിച്ചുള്ള ചോദ്യം കേട്ട് പീലി ജിമ്മിയുമായുണ്ടായ സംഭവം പറഞ്ഞു.

എൻററർബെൽ സമയത്ത് ടീച്ചർ പീലിയെയും നീലിയെയും ജിമ്മിയെയും സ്റ്റാഫ്റൂമിലേക്ക് വിളിച്ചു.

“നീ പീലിയോട് പറഞ്ഞ രഹസ്യം എന്താണ്?” ടീച്ചർ ജിമ്മിയോട് ചോദിച്ചു.

ഒന്നുമില്ലെന്ന് അവൾ കൈമലർത്തി.

“കള്ളം പറയുന്നോ നീ? പിന്നെ വെറുതെ ഗോഷ്ടി കാണിച്ചതാണോ?”

അവൾ ഉത്തരമൊന്നും പറഞ്ഞില്ല.

“പൊയ്ക്കോളൂ, രക്ഷിതാവിനെ കൂട്ടിക്കൊണ്ടുവന്നിട്ട് ക്ലാസിൽ കയറിയാൽ മതി.” ടീച്ചർ അവളോട് പറഞ്ഞു. അതുകേട്ട് അവൾ കരയാൻ തുടങ്ങി. ഈവക കേസുകൾ അവളുടെ അഛൻ കേട്ടാലുണ്ടാകുന്ന ഗതി അവൾക്ക് നന്നായറിയാം.

“ഞാൻ തമാശ പറഞ്ഞതാ സാർ.” ജിമ്മി കരഞ്ഞുകൊണ്ട് പറഞ്ഞു.

“തമാശയല്ല. എന്താ നീ ഉദ്ദേശിച്ചതെന്ന് പറയ്.”

ഒടുവിൽ അവൾ പറഞ്ഞു: “നീലിയെയും പീലിയെയും തമ്മിൽ തെറ്റിക്കാനാണ് ഞാൻ അങ്ങനെ ചെയ്തത്.”

“നീ ആൾ തരക്കേടില്ലല്ലോ. ഇത്തരം വൃത്തികേടുമായിട്ടാണോ ഇത്ര ചെറുപ്പത്തിലേ നടക്കുന്നത്? അത്തരം വൃത്തികേടുമായി ഇവിടെ പഠിക്കാൻ പറ്റില്ല.” ടീച്ചർ അവളോട് പറഞ്ഞു.

ടീച്ചർ നീലിയോടും പീലിയോടും ചോദിച്ചു: “ഇപ്പോൾ സംഗതി മനസ്സിലായോ?” അതെയെന്നവർ തലയാട്ടി. ടീച്ചർ ജിമ്മിയെ ശാസിച്ചുകൊണ്ട് പറഞ്ഞു: “അസൂയ ആർക്കും നന്നല്ല. ഇവർ രണ്ടുപേരും കൂട്ടുകൂടി നടക്കുന്നതുകൊണ്ട് നിനക്കെന്താ നഷ്ടം? ആളുകളെപ്പറ്റി കുറ്റം പറയുന്ന സ്വഭാവവും നിനക്കുണ്ട്. അതും നീ ഒഴിവാക്കണം. അത് നല്ല സ്വഭാവമല്ല. നീലീ, നിൻെറയടുത്തും തകരാറുണ്ട്. വെറുതെ ആരെയും തെറ്റിധരിക്കരുത്. ഊഹിച്ചുകൊണ്ട് ഒരു തീരുമാനവും എടുക്കുകയും ചെയ്യരുത്. അത് തെറ്റാണ്. ഊഹം എന്നതു തന്നെ ശരിയല്ല. ആരെങ്കിലും എന്തെങ്കിലും പറഞ്ഞു എന്നു കരുതി സത്യാവസ്ഥ അറിയാതെ ഇങ്ങനെയൊന്നും ചെയ്യരുത്. ആദ്യം സംഗതി മനസ്സിലാക്കുകയാണ് വേണ്ടത്. പീലി സത്യം പറഞ്ഞിട്ടും നീ അത് സ്വീകരിക്കാതിരുന്നത്

ശരിയായില്ല. കൂട്ടുകാർ തനിക്ക് വിശ്വസിക്കാനാകുന്നവരാകണം. യഥാർഥ കൂട്ടുകാർ തൻെറ ചങ്ങാതിയെ പറ്റിക്കുകയില്ല. പൊയ്ക്കോളൂ, ഇനി പ്രശ്നങ്ങൾ ഒന്നും ഉണ്ടാകരുത്."

മൂന്നു പേരും ക്ലാസിലേക്ക് തിരിച്ചുനടന്നു. ജിമ്മി ആകെ നാണം കെട്ടിരുന്നു.

*നാം നമ്മുടെ മാത്രം കാര്യത്തിൽ ശ്രദ്ധിച്ചാൽ മതി. മറ്റുള്ളവരുടെ വിഷയത്തിൽ ഇടപെടരുത്. ചിലപ്പോൾ അത് നമുക്ക് പ്രയാസങ്ങളുണ്ടാക്കും.*